## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1784 — 14.07.2011-ൽ മറുപടിയ്ക്ക്

### 108 ആംബുലൻസിന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്.** | | **ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ '108' ആംബുലൻസിന്റെ പ്രവർത്തനം സാധാരണക്കാരായ രോഗികൾക്കും അപകടത്തിൽപ്പെടുന്നവർക്കും പ്രയോജനകരമായിരുന്നോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുരുവനന്തപുരത്ത് നടപ്പിലാക്കിയ '108' ആംബുലൻസിന്റെ പ്രവർത്തനം പൊതുജനങ്ങൾക്ക് വളരെയധികം പ്രയോജനകരമായിരുന്നു. ഏകദേശം 21000 മെഡിക്കൽ എമർജൻസികളിൽ വിവിധതരം രോഗികളെ സഹായിക്കുകയുണ്ടായി. |
| (ബി) | ഈ സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് മുൻ സർക്കാർ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | ഈ സംവിധാനം തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കി കഴിഞ്ഞു. മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനായി മുൻ സർക്കാർ നിർദ്ദേശം നൽകുകയും ടെണ്ടർ വിളിക്കുകയും ചെയ്തു. ടെണ്ടറിൽപങ്കെടുത്ത തിരുവന്തപുരത്തെ ഓപ്പറേറ്റിങ് ഏജൻസിയായ ചികിത്സ എന്ന കമ്പനി ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ചതിനാൽ ഓപ്പറേറ്റിംഗ് ഏജൻസിയെ നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് ചർച്ച പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ; | (സി) | ഈ പദ്ധതിയുടെ നോഡൽ ഏജൻസി ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (എൻ.ആർ.എച്ച്.എം.) ആണ്. |
| (ഡി) | ഇവരെ മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഡി) | ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. |